Talented Bankers Literary Panel
പുസ്തക പരിചയം 172

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
കഞ്ഞികുഴി (ആലപ്പുഴ) ശാഖ.

ദേജാവൂ
ജോജിത വിനീഷ്

'പാമ്പാകുന്നെങ്കിൽ എന്തിന് ചേരയാകണം രാജവെമ്പാല
തന്നെയായിക്കൂടെ'
എന്ന് ചിന്തിക്കുന്നവളാണ് ജോ
(Jojitha vineesh)

അവരുടെ ആദ്യപുസ്തകമാണ്
'ദേജാവു' എന്ന കഥാസമാഹാരം.

അതിലെ ആദ്യകഥ 'പുൽവാമയിലെ രക്തപുഷ്പങ്ങൾ'.

വെടിയുണ്ടകൾക്കു തീറ്റയായ
രൺവീർസിങ്ങിന്റെ മഞ്ചാടി ഹൃദയം.
പഞ്ചാബ് എന്ന ചുവന്ന ഭൂമിക.
അവിടെ ചോളപ്പൂക്കളങ്ങളും
ചോരപ്പൂക്കളങ്ങളും ഒന്നു ചേർന്നു സൃഷ്ടിക്കുന്ന ഒരു ജുഗൽബന്ദിയാണ്
ഈ കഥ.

അഥീനയുടെ വീഴ്ചയോടെ അവസാനിപ്പിച്ച്, അതിഭാവുകത്വത്തിലേക്ക്
തെന്നിവീഴാതെ ശ്രദ്ധിച്ചിരുന്നെങ്കിൽ...!

ചിതയും ചിന്തയും കൂടിക്കലർന്നു കത്തുന്നു 'ശവഭോഗി' എന്ന കഥയിൽ .

'വിയർത്തുകുളിച്ച് അവൻ മോർച്ചറിയുടെ ഒരു മൂലയിലേക്ക് പൊടുന്നനെ
വലിച്ചെറിയപ്പെട്ടു' എന്നൊക്കെയെഴുതി പെണ്ണെഴുത്തിന്റെ
മൃദുപ്രമാണങ്ങളെ വലിച്ചു കീറി വശം കെടുത്തുന്നുണ്ട് ജോ .

ഭയത്തിന്റെ ബലൂണുകളൂതി വീർപ്പിക്കുന്ന 'പെഷവാർ ഒരു ഓർമ്മ' എന്ന
കഥയും കഥാകൃത്തിന്റെ 'റേഞ്ച്' കാട്ടിത്തരുന്നു.

തുടർന്നുവരുന്ന 'ശില്പി'യാകട്ടെ അസാധ്യമായ വിഷ്വലുകളാൽ
സൗന്ദര്യമാർന്നതാണ്.
ശില്പിയുടെ ശിലാപ്പെണ്ണിന് ജീവൻ വയ്ക്കുമ്പോൾ വാക്കുകൾക്കും

ജീവൻവെക്കുന്നു, മുടിയഴിച്ചാടുന്നു. മെയ്മാസപുഷ്പമായി
കാത്തുനിൽക്കുന്നു !

ഒരു മൃദു ത്രില്ലർ സ്വഭാവം കാണിക്കുന്ന 'ഓക്സിടോസിൻ' എന്ന കഥയും
മുറിച്ചുകടന്ന് നമ്മളെത്തിച്ചേരുന്നത് ഹിംസയുടെ അപഥ
സഞ്ചാരത്തിലേക്കാണ്. 'കനൽപ്പെരുക്കങ്ങൾ".ക്രാഫ്റ്റിൻ കനൽ
കത്തുന്നൂ ഈ കഥയുടെ കൈവഴികളിൽ!
തലയോട്ടികളുടെ തോഴനായ ബാലമുരുകൻ. ചുട്ടു പഴുക്കുന്ന
അവന്റെ യൗവ്വനത്തീയിൽ ഒടുങ്ങുന്ന യുവദമ്പതികൾ.

ഇതൊക്കെയാണെങ്കിലും 'ലവ് ജിഹാദ്'
എന്ന കഥയിൽഎൻഡോസൾഫാൻ കുട്ടികളെപ്പറ്റി പറയുന്ന ഭാഗം
വിഷലിപ്തമായിപ്പോയി എന്നു പറയാതെ വയ്യ. അതിനെ വേദനയോടെ
തന്നെ മുറിച്ചു കടക്കേണ്ടി വരുന്നു.

തുടർന്നുള്ള 'ദേ ജാവു' എന്ന കഥയിൽ കഥാപാത്രത്തിന്റെയല്ല
മനസ്സിന്റെ അപഥസഞ്ചാരങ്ങളുടെ ചമൽക്കാമാണ് ദൃശ്യമാവുക.

വൈദ്യുതിയുമായുള്ള ദൈനംദിന ഇടപാടുകൾ കൊണ്ടാകണം
അപൂർവ്വമായ ഒരു ചാലകശക്തിയുടെ ഹൈവോൾട്ടേജ് ഉണ്ട് ജോയുടെ
കഥാ പരിസരങ്ങൾക്ക്.

ഭാഷ കുറേക്കൂടി മലയാളവൽക്കരിച്ച്, വിസ്തൃതമായ ആഖ്യാനങ്ങളിലേക്ക്
പടർന്നൊഴുകാൻ അവർക്കു കഴിയട്ടെ!

വായനപുര പബ്ലിക്കേഷൻസ്
120 രൂപ